LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായേക്കാവുന്ന ആഘാതങ്ങളെക്കുറിച്ചും സംയുക്ത പരിശോധന ആവശ്യമാണ്. ഹിൽ ഹൈവേ സംബന്ധിച്ച് ഏറ്റെടുക്കേണ്ട വനഭൂമിയുടെ വിവരം പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയും ആയത് അതാത് ഡിവിഷൻ ജില്ലാ തലത്തിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (റോഡ്സ്) ഉദ്യോഗസ്ഥരുമായി സംയുക്തമായി പരിശോധിച്ച്, ഇതിലേയ്ക്ക് വേണ്ടി വരുന്ന വനഭൂമി ജില്ല തിരിച്ച് കണക്കാക്കി പ്രാഥമിക റിപ്പോർട്ട് നൽകുവാൻ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂടാതെ ഏതെങ്കിലും ഭാഗം വന സംരക്ഷണ നിയമ പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണെങ്കിൽ ബദൽ മാർഗ്ഗങ്ങൾ ആരായാനും അത് ലഭ്യമെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. ഈ പറയുന്ന രീതിയിൽ ഓരോ ജില്ലയിലും ഹിൽ ഹൈവേ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയും പൊതുമരാമത്ത് വകുപ്പും വനം വകുപ്പും സംയുക്തമായി നടപ്പിലാക്കി എത്രയും പെട്ടെന്ന് അതിന്റെ സ്കെച്ച് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത് കൃത്യമായി നടക്കുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരം കാണും. ഇത് ഹിൽ ഹൈവേയുടെ ഭാഗമായി വരുന്നതാണ്. അദ്ദേഹം പറഞ്ഞ നാല് കിലോ മീറ്റർ ഭാഗം മാത്രമായി പരിഗണിക്കുന്ന വിഷയത്തിനാണെങ്കിൽ, പ്രത്യേക അപേക്ഷ തന്നാൽ പരിഹാര വനവൽക്കരണത്തിന് സ്ഥലം വനത്തിലേയ്ക്ക് കൈമാറാമെന്ന് അദ്ദേഹം പറയുന്ന സാഹചര്യത്തിൽ, പ്രായോഗികമായിട്ടുള്ളത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

<u>ശ്രീ. സി. ദിവാകരൻ</u>: ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

### 1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.